# സംരംഭങ്ങളെ നിർവചിക്കാം
## Classification of Enterprises

രാജ്യത്തെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുള്ള പുതിയ വ്യവസായനയം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ (Micro, Small, Medium) വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഭാരതസർക്കാർ, എം.എസ്. എം.ഇ.ഡി. (മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ്) ആക്ട് പുറപ്പെടുവിക്കുകയുണ്ടായി. 2006 ഒക്ടോബറിൽ ഈ നിയമം നിലവിൽ വന്നു. വ്യവസായം (Industry) എന്നതിനേക്കാൾ, എല്ലാ രീതിയിലുള്ള സാമ്പത്തിക പ്രവർത്തനങ്ങളെയും (Economic activity) ഉൾക്കൊള്ളുന്ന സംരംഭങ്ങളുടെ (Enterprise) വികസനമാണ് ഈ ആക്ടിലൂടെ വിഭാവനം ചെയ്യുന്നത്.

### സംരംഭങ്ങളുടെ വിഭജനവും നിർവചനവും

സംരംഭങ്ങളെ പൊതുവായി

1. ഉൽപാദന സംരംഭങ്ങൾ
2. സേവന സംരംഭങ്ങൾ

എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. ഇവയെ യന്ത്രസാമഗ്രികളിന്മേലുള്ള അഥവാ ഉപകരണങ്ങളിലുള്ള സ്ഥിരനിക്ഷേപത്തിന്റെ പരിധി നിശ്ചയിച്ചുകൊണ്ട് വീണ്ടും യഥാക്രമം വിഭജിച്ച് നിർവചിച്ചിരിക്കുന്നു.

### ഉൽപാദന മേഖല

| ക്രമ നമ്പർ | സംരംഭം | യന്ത്രസാമഗ്രികളുടെ നിക്ഷേപ പരിധി (രൂപയിൽ) |
|---|---|---|
| 1 | സൂക്ഷ്മം | 25 ലക്ഷം |
| 2 | ചെറുകിട | 5 കോടി |
| 3 | ഇടത്തരം | 10 കോടി |

### സേവനമേഖല

| ക്രമ നമ്പർ | സംരംഭം | ഉപകരണങ്ങൾക്കുള്ള നിക്ഷേപപരിധി |
|---|---|---|
| 1 | സൂക്ഷ്മം | 10ലക്ഷം |
| 2 | ചെറുകിട | 2 കോടി |
| 3 | ഇടത്തരം | 5 കോടി |

# എങ്ങനെ തുടങ്ങണം
## Getting Started...

നന്നായി തുടങ്ങിയാൽ, വിജയത്തിലേക്കുള്ള പാതിവഴിപിന്നിട്ടു എന്നൊരു ചൊല്ലുണ്ട്. അപ്പോൾ, എങ്ങനെ തുടങ്ങണം എന്ന ചോദ്യം സ്വാഭാവികം. ചുരുക്കത്തിൽ, മികച്ച ആശയം (idea) , ശക്തമായ തീരുമാനം (decision), സാങ്കേതിക മികവ് (know-how), അടിസ്ഥാന സൗകര്യങ്ങൾ (infrastructure) ഉറപ്പാക്കൽ, നിയമപരമായ ബാധ്യതകളെപ്പറ്റിയുള്ള ധാരണ, മൂലധന -വിഭവസമാഹരണം (Capital), വിപണന സംവിധാനം (Marketing) ഇവയ്ക്കെല്ലാം അകമ്പടിയായി കൃത്യതയാർന്ന പദ്ധതി (Business Plan) യും, സംരംഭങ്ങൾക്ക് മികച്ച തുടക്കം നൽകുവാൻ പ്രാപ്തമായിരിക്കും.

### 2.1. സംരംഭകൻ എന്തുചെയ്യണം ?

സംരംഭകൻ, സ്വന്തമായി ഒരു സംരംഭം ആരംഭിക്കണമെന്ന് തീരുമാനം എടുത്തുകഴിഞ്ഞാൽ, താഴെ പ്രതിപാദിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. **ഉൽപ്പന്നം തെരഞ്ഞെടുക്കൽ**

   സംരംഭകൻ മാർക്കറ്റ് സർവ്വേയുടെ അടിസ്ഥാനത്തിൽവേണം ഉൽപന്നങ്ങൾ തെരഞ്ഞെടുക്കുവാൻ. നിലവിലുള്ള മാർക്കറ്റിന്റെ അവസ്ഥയെക്കുറിച്ചും ഉൽപന്നത്തിന് മാർക്കറ്റിൽ ഉണ്ടായേക്കാവുന്ന പ്രതികരണത്തെക്കുറിച്ചും ബോധവാനാകാൻ മാർക്കറ്റ് സർവ്വേ ഉപകരിക്കും. ഉൽപന്നം വിപണനം ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന നേട്ടങ്ങളും/കോട്ടങ്ങളും വിപണി പ്രതീക്ഷിക്കുന്ന ആവശ്യകതയെപ്പറ്റിയും വ്യക്തമായ ഒരു അവബോധം ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ അസംസ്കൃത പദാർത്ഥങ്ങളുടേയും മറ്റ് ഉൽപാദന സാമഗ്രികളുടേയം ലഭ്യത, സാങ്കേതികവിദ്യയെയും ഉൽപാദന പ്രക്രിയയെപ്പറ്റിയുമുള്ള വിവരങ്ങളുടെ ലഭ്യത, സംരംഭകന്റെ പരിചയ സമ്പത്ത്, അയാളുടെ അഭിരുചി, വിദ്യാഭ്യാസം, സാങ്കേതിക യോഗ്യതകൾ, സമാന ഉൽപാദനരംഗത്ത് പ്രവർത്തിക്കുന്നവരിൽനിന്നുമുള്ള കിടമത്സരം, ഉൽപാദനത്തിന്റെ ഗുണനിലവാരം ഇവയെല്ലാം കണക്കിലെടുക്കേണ്ടതായിട്ടുണ്ട്.

2. **സ്ഥലനിർണ്ണയം**

   വ്യവസായ സംരംഭകൻ തന്റെ വ്യവസായം എവിടെ തുടങ്ങും എന്നത് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. സ്ഥലം തിരഞ്ഞെടുക്കുമ്പോൾ വിപണിയോടും, അസംസ്കൃത പദാർത്ഥങ്ങളോടുമുള്ള അടുപ്പം, അസംസ്കൃത വസ്തുക്കൾവാങ്ങിക്കൊണ്ടുപോകുവാനും ഉൽപന്നങ്ങൾ കയറ്റിയയ്ക്കുവാനും ഉതകുന്ന ഗതാഗത സംവിധാനം ലഭ്യമായിരിക്കുക, ആവശ്യമായ പരിശീലനം ലഭിച്ചവരുടെ ലഭ്യത, വെള്ളം, വൈദ്യുതി മതലായവയുടെ ലഭ്യത ഇവ പരിഗണിക്കേണ്ടതുണ്ട്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലോ,പാർക്കിലോ മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലോ സ്ഥലം ലഭ്യമാണെങ്കിൽ അതാകും അഭികാമ്യം

3. **പ്രോജക്റ്റ് തയ്യാറാക്കൽ**

   സംരംഭകൻ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടതായിട്ടുണ്ട്. ഇതിൽ ഫ്ളോ പ്രോസസ് ചാർട്ട് (Flow Process chart) ഉൾപ്പെടാതെയുള്ള ഉൽപാദന പ്രക്രിയയുടെ വിവിധ വശങ്ങൾ പ്രതിപാദിക്കേണ്ടതാണ്. കൂടാതെ ഉൽപ്പന്നത്തിന്റെ സാമ്പത്തിക മേന്മയും,

വിപണിയിലെ ആവശ്യകത, ഉൽപാദനശേഷി, ഉൽപാദനച്ചെലവ് വിലയിരുത്തൽ, പ്രതീക്ഷിക്കുന്ന വരവ്, യോജ്യമായ വിലയുടെ ഘടന എന്നിവയും ഇതിലുൾപ്പെടുന്നു. സ്ഥലം, കെട്ടിടം, പ്ലാന്റ്, മെഷിനറി എന്നിവയ്ക്കും പ്രവർത്തനത്തിനു മുമ്പ് വേണ്ടിവരുന്നതുമായ സ്ഥിരമായ ചെലവുകളും, ആവർത്തന സ്വഭാവമുള്ള ചെലവുകളും കണക്കിലെടുത്തുകൊണ്ട് പദ്ധതിച്ചെലവ് വിശദമായി കണക്കാക്കേണ്ടതുണ്ട്.അതുപോലെ ഓരോ മാസത്തേയും ലാഭവും, മുതൽ മുടക്കിന്മേലുള്ള ലാഭ ശതമാനവും ഉൾക്കൊള്ളുന്നതുമായിരിക്കണം.

## 4. എന്റർപ്രണേഴ്സ് മെമ്മോറാണ്ടം

സംരംഭം ആരംഭിച്ച വിവരം വ്യവസായ വകുപ്പിനെ അറിയിക്കാവുന്നതാണ് അഥവാ ഫയൽചെയ്യേണ്ടതാണ്. ആയതിന് ഉദ്യോഗ് ആധാർ എന്നറിയപ്പെടുന്നു. സംരംഭം ആരംഭിച്ചശേഷം ഉദ്യോഗ് ആധാർ ഓൺ ലൈൻ വഴി (www.msme.gov.in / www.udyogaadhaar.gov.in) അപേക്ഷ സമർപ്പിക്കാവുന്നതാണ്. ആയതിന് കൈപ്പറ്റ് രസീത് വ്യവസായ കേന്ദ്രത്തിൽനിന്നും നൽകുന്നതാണ്.

കൈപ്പറ്റ് രസീത് യാതൊരുവിധ പരിശോധനയും കൂടാതെ നൽകുന്നതിനാൽ തെറ്റായ വിവരങ്ങൾ നൽകുന്നവർ ശിക്ഷാർഹരായിരിക്കും.

ഇത് ലഭിക്കുന്നതുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുന്നു.

- ഇൻഡസ്ട്രീയൽ ഏരിയയിലോ പ്ലോട്ടിലോ ഉള്ളസ്ഥലത്തിനോ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ഷെഡിനോ അപേക്ഷിക്കാം.
- മറ്റ് ലൈസൻസുകൾ, ക്ലിയറൻസുകൾ, സർട്ടിഫിക്കറ്റുകൾ, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് അനുമതി ഉൾപ്പെടെ നേടുന്നതിന് അപേക്ഷിക്കാം.
- ബാങ്കിലോ, മറ്റ് ധനകാര്യസ്ഥാപനങ്ങളിൽനിന്നോ GGTSME വഴിയും ധനസഹായം ലഭിക്കുന്നതിന് അപേക്ഷിക്കാം.
- വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ മറ്റ് നടപടികൾ എടുക്കുന്നതിന് അംഗീകാരങ്ങൾ നേടുന്നതിന് അപേക്ഷിക്കാം.
- ഗവൺമെന്റിൽനിന്നുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സഹായകമാകും.

## 5. വായ്പയ്ക്കുള്ള അപേക്ഷ

വായ്പകൾ രണ്ടുവിധം-ദീർഘകാല വായ്പ (Term Loan), പ്രവർത്തന മൂലധന വായ്പ (working capital loan), സ്ഥലം കെട്ടിടം, പ്ലാന്റ്, മെഷിനറി മററ് സാമഗ്രികൾ ഫിറ്റിംഗുകൾ തുടങ്ങിയവയിൽ സ്ഥിരനിക്ഷേപത്തിന് ആവശ്യമായ ദീർഘകാല അടിസ്ഥാനത്തിലുള്ള വായ്പയാണ് ദീർഘകാല വായ്പ, ഈ വായ്പ കെ.എഫ്.സി, കെ.എസ്.ഐ.ഡി.സി., ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു. സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തിന് അസംസകൃത വസ്തുക്കൾ, വേതനം, ഗതാഗത ചെലവുകൾ മുതലായവ ഉൾപ്പെടെയുള്ള ചെലവുകൾക്കുള്ള ഹൃസ്വകാലാടിസ്ഥാനത്തിലുള്ള വായ്പയാണ് പ്രവർത്തന മൂലധന വായ്പ. ഈവായ്പ ബാങ്കുകളിൽനിന്നും ലഭിക്കുന്നു. കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.എസ്.ഐ.സി. മുഖാന്തിരം മെഷിനറി ലഭിക്കുവാനുള്ള സൗകര്യമുണ്ട്.

## 6. നിയമപരമായുള്ള ലൈസൻസുകളും അനുവാദങ്ങളും

വ്യവസായ സംരംഭകൻ തന്റെ സംരംഭം തുടങ്ങുന്നതിനു മുമ്പായി നിയമപരമായ അനുമതികളും ക്ലിയറൻസുകളും എടുത്തിരിക്കേണ്ടതായുണ്ട്. ഇതിൽ പ്രധാനമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽനിന്നും കെട്ടിടം പണിയുന്നതിനായുള്ള അനുമതി (permit), മെഷിനറി സ്ഥാപിച്ചു പ്രവർത്തിപ്പിക്കുവാനുള്ള അനുമതി എന്നിവയാണ്. ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സിൽനിന്നും പരിധിക്കനുസൃതമെങ്കിൽ ഫാക്ടറി കെട്ടിടത്തിനുള്ള അനുമതി ഫാക്ടറി ആക്ട് 6,7, 8, എന്നീ വകുപ്പ് പ്രകാരമുള്ള രജിസ്ട്രേഷൻ എന്നിവയും എടുക്കണം. പ്രത്യേക വ്യവസായങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള അനുമതിയും (Consent) ലഭിച്ചിരിക്കണം. വിവിധ ഏജൻസികൾ നൽകുന്ന അനുമതികൾക്കനുസൃതമായി വേണം കെട്ടിടം പൂർത്തീകരിക്കുവാനും മെഷിനറി സ്ഥാപിക്കുകയും ചെയ്യേണ്ടത്. തുടർന്ന് സ്ഥാപനത്തിന് ഈ ഏജൻസികൾപ്രവർത്തന അനുമതി (License) നൽകുന്നതാണ്.

## 7. സ്ഥലവും കെട്ടിടവും

നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആവശ്യമായ ലൈസൻസ് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വ്യവസായ വകുപ്പ്, കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നീസ്ഥാപനങ്ങളിൽനിന്നും എല്ലാവിധ പശ്ചാത്തല സൗകര്യങ്ങളോടുകൂടി വികസിപ്പിച്ചെടുത്ത സ്ഥലം, എസ്റ്റേറ്റുകൾ, പാർക്കുകൾ, എന്നിവിടങ്ങളിൽ കെട്ടിടവും ലഭ്യതയ്ക്കനുസരിച്ച് വ്യവസായ സംരംഭങ്ങൾക്ക് അനുവദിക്കുന്നതാണ്. ഇത് സംരംഭകനെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രയോജനകരമായിരിക്കും. ഇൻഡസ്ട്രിയൽ ഏരിയായിൽ വികസിപ്പിച്ചെടുത്ത ഒരു സ്ഥലമോ ഷെഡ്ഡോ ആവശ്യമെങ്കിൽ അതത് ജില്ലകളിലെ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരുമായി ബന്ധപ്പെടേണ്ടതാണ്. കിൻഫ്രയുടെ പാർക്കിലാണെങ്കിൽ, എം.ഡി. കിൻഫ്ര, വെള്ളയമ്പലം, തിരുവനന്തപുരം എന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

## 8. മെഷിനറി സമ്പാദിക്കൽ

യന്ത്രസാമഗ്രികൾക്ക് ഓർഡർ കൊടുക്കുന്നതിനു മുമ്പ് ആ യന്ത്രസാമഗ്രികൾ ഏറ്റവും നൂതന മോഡൽ ആണോ എന്നും, സംരംഭകന്റെ ആവശ്യമുള്ളതോ, അതുകൊണ്ട് പൂർണമായി നിറവേറുമോ എന്നും ബോദ്ധ്യപ്പെടേണ്ടതുണ്ട്. യന്ത്രങ്ങൾക്ക് ഓർഡർ നൽകുമ്പോൾ യൂണിറ്റിന്റെ ഉൽപാദനശേഷി, ഗുണനിലവാരം, ഉൽപാദനക്ഷമത, സ്പെയർപാർട്ടുകളുടെ ലഭ്യത മുതലായ കാര്യങ്ങളും കണക്കിലെടുക്കണം.

ഉൽപാദന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന്, ഒരു പുതിയ സംരംഭകൻ അനുയോജ്യമായ ഒരു ലേഔട്ട് (Layout) ആവിഷ്കരിക്കണം. ഓരോ ജോലിക്കാരനും ആരോഗ്യകരമായ അന്തരീക്ഷത്തിൽ ജോലി ചെയ്യുന്നതിനാവശ്യമായ വാതായന സൗകര്യം ഉണ്ടാക്കുന്നതിനും പ്രത്യേക ശ്രദ്ധപതിപ്പിക്കണം. ഫാക്ടറി ഇൻസ്പെക്ടറുടെ അനുമതി ലഭിക്കുന്നതിന് ഈ വിവരങ്ങൾ നിർബന്ധമായും പ്ലാനിൽ രേഖപ്പെടുത്തേണ്ടതുണ്ട്.

## 9. വൈദ്യുതി/വെള്ളം കണക്ഷൻ

വൈദ്യുതി കണക്ഷനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡിൽ അപേക്ഷ സമർപ്പിക്കണം. ബോർഡിലെ ഉദ്യോഗസ്ഥരുടെ ആവശ്യമായ പരിശോധനയ്ക്കുശേഷം യൂണിറ്റിനാവശ്യമായ ലോഡ് നിർണയിക്കുകയും അനുവദിക്കുകയും ചെയ്യും. ആവശ്യമായ സെക്യൂരിറ്റി തുകയും നൽകണം.

സംരംഭത്തിനാവശ്യമായ വെള്ളത്തിന് വാട്ടർ അതോറിറ്റി, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവിടങ്ങളിൽ അപേക്ഷിക്കുകയോ അല്ലെങ്കിൽ കിണറോ, കുഴൽക്കിണറോ നിബന്ധനകൾക്കനുസരിച്ച് സ്വന്തമായി സ്ഥാപിക്കുകോ ചെയ്യാം.

**10. നിയമനം**

യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനോടൊപ്പം തൊഴിലാളികളെയും മറ്റ് ഉദ്യോഗസ്ഥന്മാരെയും നിയമിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം. വ്യവസായത്തിന്റെ വലിപ്പത്തിനും സ്വഭാവത്തിനും അനുസരിച്ച് പ്രാവീണ്യം സിദ്ധിച്ചവരേയും തിരഞ്ഞെടുക്കേണ്ടതാണ്. പ്രൊഫഷണലുകളെ ആവശ്യമെന്നു കണ്ടാൽ അവരേയും അഭിരുചിയുള്ള തൊഴിലാളികളെയും ഉൾപ്പെടുത്തുന്നതും നന്നായിരിക്കും.

**11. അസംസ്കൃത വസ്തുക്കൾസമ്പാദിക്കൽ**

സംരംഭകൻ തന്റെ ഉൽപന്നങ്ങൾ പുറത്തിറക്കാൻ ആവശ്യമായ അസംസ്കൃത വസ്തുക്കൾലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി ഒരു സ്ഥാപനത്തെ മാത്രം ആശ്രയിക്കുന്നതിനു പകരം ഒന്നിലധികം സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും. ഉദാരവൽക്കരിക്കപ്പെട്ട ഇറക്കുമതി നയം വഴിയും ചട്ടങ്ങൾ ലഘൂകരിച്ചും ചെറുകിട വ്യവസായ മേഖലയ്ക്ക് കൂടുതൽ സൗകര്യങ്ങൾ നൽകിവരുന്നു. ഓപ്പൺ ജനറൽ ലൈസൻസുപ്രകാരം (ഒ.ജി.എൽ) ഇറക്കുമതി ചെയ്യാനുള്ള വ്യവസ്ഥയിൽ നിരവധി അസംസ്കൃത വസ്തുക്കളും, ഉപകരണങ്ങളും അനുബന്ധഘടകങ്ങളും, യന്ത്രസാമഗ്രികൾ, മറ്റുപകരണങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു.

**12. ഉൽപാദനം**

ആരംഭഘട്ടത്തിൽതന്നെ സംരംഭകൻ ആസൂത്രണത്തിന്റെ പ്രാധാന്യം മനസ്സിലാക്കണം വേണ്ടത്ര ആസൂത്രണമില്ലായ്മ ഉൽപാദനത്തിന്റെ സുഗമമായ നടത്തിപ്പിനെ തടസ്സപ്പെടുത്തുന്നു. കൂടാതെ അസാധാരണ ഗതിയിലുള്ള കാലതാമസം ഉൽപാദന ച്ചെലവു വർദ്ധിപ്പിക്കുകയും, ലാഭമില്ലാതാക്കുകയും ചെയ്യുന്നു. മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള പദ്ധതിക്കനുസൃതമായി അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതു മുതൽ പൂർത്തിയാക്കിയ ഉൽപന്നങ്ങളുടെ ഗതാഗതമുൾപ്പെടെയുള്ള കാര്യങ്ങൾ സുഗമമായി നടക്കേണ്ടതുണ്ട്. കൂടാതെ ഉൽപന്നങ്ങളുടെ ഗുണനിലവാരം ശ്രദ്ധിക്കേണ്ടതുണ്ട്. ഗുണനിലവാരം ഇല്ലാത്ത സാധനങ്ങളുടെ ഉൽപാദനം ഒഴിവാക്കുകയും, കേടുള്ളത് ബഹിഷ്കരിക്കുകയും ചെയ്യേണ്ടത് സംരംഭകന്റെ പ്രധാന ചുമലയാണ്.

**13. വിപണനം (മാർക്കറ്റിംഗ്)**

ഓരോ സംരംഭകനും അയാൾക്ക് ഉൽപാദിപ്പിക്കുവാനും വിൽക്കുവാനും കഴിയുന്നതെന്തെന്ന് മനസ്സിലാക്കണം.വിപണി നേടാൻ അയാൾക്ക് പലവിധ തന്ത്രങ്ങളും ആവിഷ്ക്കരിച്ചു നടപ്പിലാക്കേണ്ടിവരും. വില്പന വർദ്ധിപ്പിക്കുന്നതിന് സാധാരണ ചെറുകിട സംരംഭകർ അവലംബിക്കുന്നത് വ്യവസായ-വാണിജ്യ പ്രദർശനങ്ങളിൽ പങ്കെടുക്കുക, വിവിധതരം പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുക, പ്രത്യേക സംഭവങ്ങളുമായി ബന്ധപ്പെടുത്തിയുള്ള വില്പനകളിൽ പങ്കെടുക്കുക, മുതലായവയാണ്. ഉൽപാദനത്തിന്റെയോ സേവനത്തിന്റെയോ വിപണി മൂല്യം വർദ്ധിപ്പിക്കുന്നതിന് ദേശീയ/അന്തർദേശീയ നിലവാരത്തിലുള്ള അംഗീകാരങ്ങൾ നേടുന്നത് (Certificate) ഉചിതമായിരിക്കും. BIS, ISO-9000/14000, ISO-22000, HACCP, FPO, Agmark തുടങ്ങിയ അംഗീകാരങ്ങൾ നേടുന്നത്, സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് സഹായകരമാണ്. ഇവയിൽ ചില ഗുണനിലവാര സർട്ടിഫിക്കറ്റുകൾ നിർബന്ധമായും എടുക്കേണ്ടതും മറ്റുള്ളവ താല്പര്യമുണ്ടെങ്കിൽ (Optional) മാത്രം എടുക്കേണ്ടതുമാണ്.